15/11/21

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.503(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.11569/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 15**

Sri. Sajin Seby,
Padinjarekuthu House,
Manipally P.O.,
Kottayam – 686 636.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്ഷൻ ഓഫീസർ (EX IV),
എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ
യൂണിവേഴ്സിറ്റി, സി.ഇ.റ്റി. ക്യാമ്പസ്,
തിരുവനന്തപുരം – 695 016.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02/08/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 20/09/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/11/2021 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. സജിൻ സെബി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായി യാതൊരു മറുപടിയും നൽകിയില്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഹർജിക്കാരൻ ആവശ്യപ്പെട്ട 10.3.2021 തീയതി നടത്തിയ കമ്പ്യൂട്ടർ

നെറ്റ്‌വർക്സ് പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പും, വാല്യുവേഷൻ & ടാബുലേഷൻ ഷീറ്റിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്നാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. സജിൻ സെബി 2.8.2021 ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളതാണെന്നും കോവിഡ്-19 ന്റെ സാഹചര്യത്തിൽ മൂല്യനിർണ്ണയ ക്യാമ്പുകളുടെ പ്രവർത്തനം സുഗമമല്ലാത്തതിനാൽ ആൻസർ ബുക്ക് സർവ്വകലാശാലയിൽ ലഭിക്കുവാൻ വൈകിയതുകൊണ്ടാണ് ഹർജിക്കാരന്റെ അപേക്ഷ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയാതിരുന്നതെന്നും എന്നാൽ ആൻസർ ബുക്ക് സർവ്വകലാശാലയിൽ ലഭിച്ചയുടൻ തന്നെ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ തപാൽ മാർഗ്ഗം അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മൂല്യനിർണ്ണയ ക്യാമ്പുകളുടെ പ്രവർത്തനം തടസപ്പെട്ടതിനാൽ ആൻസർ ബുക്കുകൾ സർവ്വകലാശാലയിൽ ലഭിക്കുവാൻ വൈകിയതിനാലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി നൽകാൻ കാലതാമസം നേരിട്ടത് എന്ന എതിർകക്ഷിയുടെ വിശദീകരണം കണക്കിലെടുത്തും ഹർജിക്കാരന് പിന്നീട് രേഖകൾ തപാൽ മാർഗ്ഗം അയച്ചു കൊടുത്തിട്ടുള്ളത് പരിഗണിച്ചും ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 നവംബർ 15-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി